ഏസി.എച്ച്/2018

22.09.2018.

# പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദ പ്രവേശനം - 2018

### ഒഴിവുള്ള സീറ്റുകളിൽ കോളേജ് തലത്തിൽ സ്പോട്ട് അഡ്മിഷൻ സെപ്തംബർ 25-ന്

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/ സ്വാശ്രയ /യു.ഐ.റ്റി/ ഐ.എച്ച്.ആർ.ഡി കോളേജുകളിൽ 2018-19 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേയ്ക്ക് അതത് കോളേജുകളിൽ വെച്ച് സെപ്തംബർ 25-ന് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. 25-ാം തീയതി രാവിലെ 9 മണി മുതൽ 12 മണി വരെ ഹാജരാകുന്നവരെ മാത്രമേ പരിഗണിക്കുകയുള്ളു. ഈ സമയത്തിനകം ഹാജരാകുന്ന വിദ്യാർത്ഥികളിൽ നിന്നും റാങ്ക് പട്ടിക തയ്യാറാക്കി സെപ്തംബർ 26-ന് രാവിലെ പത്ത് മണിക്ക് പ്രവേശനം നടത്തും. റാങ്ക് പട്ടികയിൽ ഉൾപ്പെട്ട പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സെപ്തംബർ 26-ന് രാവിലെ 10 മണിക്ക് ബന്ധപ്പെട്ട കോളേജുകളിൽ ഹാജരാകണം. ഏതെങ്കിലും കോളേജിൽ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികളെ ഈ സ്പോട്ട് അഡ്മിഷനിൽ പരിഗണിക്കുന്നതല്ല. ഇതുവരെ അഡ്മിഷൻ ലഭിക്കാത്തവരെയും എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും (റ്റി.സി ഉൾപ്പടെ ) ഹാജരാക്കാൻ കഴിയുന്നവരെയുമാണ് സെപ്തംബർ 26-ന് പ്രവേശനത്തിനായി പരിഗണിക്കുക.

സർട്ടിഫിക്കറ്റുകൾ ഹാജരാക്കുവാൻ അധിക സമയം അനുവദിക്കുന്നതല്ല.

നിലവിൽ ഓപ്ഷൻ നൽകിയിട്ടുള്ള കോളേജുകളിലേയ്ക്കും കോഴ്സുകളിലേയ്ക്കും മാത്രമേ വിദ്യാർത്ഥികളെ സ്പോട്ട് അഡ്മിഷനു വേണ്ടി പരിഗണിക്കുകയുള്ളു.

സ്പോട്ട് അഡ്മിഷന് പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികളും ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് നിർബന്ധമായും കോളേജിൽ ഹാജരാക്കണം.

സ്പോട്ട് അഡ്മിഷന് പരിഗണിക്കുന്ന ഒഴിവുകളുടെ എണ്ണം സർവകലാശാല അഡ്മിഷൻ പോർട്ടലിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധപ്പെടുത്തും. കാറ്റഗറി തിരിച്ചുള്ള ഒഴിവുകളുടെ എണ്ണം ബന്ധപ്പെട്ട കോളേജ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തും.

സെപ്തംബർ 25-ാം തീയതി തയ്യാറാക്കുന്ന റാങ്ക് പട്ടികയിൽ നിന്നും ഒഴിവുള്ള സീറ്റിലേയ്ക്ക് കാറ്റഗറി പരിഗണിച്ച് അഡ്മിഷൻ നടത്തും. നിശ്ചിത യോഗ്യതയുള്ള അപേക്ഷകർ ഇല്ലെങ്കിൽ മെറിറ്റ് അടിസ്ഥാനമാക്കി 25-ാം തീയതി തയ്യാറാക്കിയ റാങ്ക് പട്ടികയിൽ നിന്ന് പ്രവേശനം നടത്താവുന്നതാണ്.

ഒഴിവുകളുടെ വിശദാംശങ്ങൾ പരിശോധിച്ച് അതത് കോളേജുകളിൽ സെപ്തംബർ 25-ാം തീയതി ഉച്ചക്ക് 12 മണിക്കകം ഹാജരാകേണ്ടതാണ്. അപേക്ഷകൾ ഒന്നും തന്നെ സർവകലാശാലയിൽ അയയ്ക്കേണ്ടതില്ല

**രജിസ്ട്രാർ**